# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

എല്ലാ ജില്ലയിലും ഭക്ഷ്യ സംഭരണ കേന്ദ്രങ്ങൾ

3096 ശ്രീ. പി.കെ. ഗുരുദാസൻ
,, കെ.വി. അബ്ദുൾ ഖാദർ
ഡോ. കെ.ടി. ജലീൽ
ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭക്ഷ്യസുരക്ഷാനിയമം നിലവിൽ വരുമ്പോൾ ഓരോ ജില്ലയിലും സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) നിലവിൽ ഏതെല്ലാം കേന്ദ്രങ്ങളിലാണ് സ്ഥലം കണ്ടെത്തിയിട്ടുള്ളതെന്ന് പറയാമോ;

(സി) സംഭരണ കേന്ദ്രങ്ങൾക്കായി കണ്ടെത്തുന്ന ഭൂമിയുടെ കൈവശാവകാശം സർക്കാരിൽതന്നെ നിക്ഷിപ്തമാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) സംഭരണ കേന്ദ്രങ്ങൾ പൂർണ്ണമായും പൊതുമേഖലയിൽതന്നെ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കുറഞ്ഞ നിരക്കിൽ ഭക്ഷ്യസാധനങ്ങൾ ലഭ്യമാക്കുന്നതിന് നടപടി</u>

3097 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ
,, സി. പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും**
**ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽ കുറഞ്ഞ നിരക്കിൽ ഭക്ഷ്യസാധനങ്ങൾ ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാർ പദ്ധതിയിട്ടതായി അറിയാമോ; എങ്കിൽ, വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം കുറഞ്ഞ നിരക്കിൽ സംസ്ഥാനത്തിന് ഭക്ഷ്യധാന്യം വിതരണ് ള ചയ്യുന്നതിന് കേന്ദ്രം തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഏത് ഏജൻസി വഴിയാണ് ഈ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം അരിയും ഗോതമ്പും എന്ത് വിലയ്ക്കാണ് വിതരണം ചെയ്യാനുദ്ദേശിക്കുന്നത്;

(ഇ) ആന്ധ്രപ്രദേശ്, തമിഴ്നാട് എന്നിവിടങ്ങളിൽനിന്നുള്ള അരി വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ഭക്ഷ്യസുരക്ഷയും ഭക്ഷ്യക്കമ്മിയും സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പിന്റെ ശുപാർശകൾ</u>

3098

ശ്രീ. സി. ദിവാകരൻ
,, പി. തിലോത്തമൻ
,, ജി. എസ്. ജയലാൽ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും ഭക്ഷ്യവസ്തുക്കൾ കൊണ്ടുവരുന്നതിനുള്ള നിയന്ത്രണങ്ങൾ നീക്കി, നികുതിയിളവുകൾ അനുവദിക്കണമെന്ന് ആസൂത്രണ കമ്മീഷന്റെ ഭക്ഷ്യകമ്മിയും ഭക്ഷ്യസുരക്ഷയും സംബന്ധിച്ചുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ ശുപാർശയുണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ പന്ത്രണ്ടാം പദ്ധതിയിലെ പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിന്റെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>സിവിൽ സപ്ലൈസ് വകുപ്പിലെ</u>
<u>അഴിമതി സംബന്ധിച്ച വിജിലൻസ് അന്വേഷണം</u>

3099 ശ്രീ. എം. ചന്ദ്രൻ
,, ജെയിംസ് മാത്യു
,, ബി. ഡി. ദേവസ്സി
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിൽ വ്യാപകമായി ക്രമക്കേടും അഴിമതിയും നടക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് തൃശൂർ വിജിലൻസ് കോടതി ഉത്തരവിട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ആരുടെയെല്ലാം പേരിലാണ് അന്വേഷണത്തിന് കോടതി ഉത്തരവിട്ടിട്ടുള്ളത്;

(ഡി) ഇത്തരം പരാതിക്കാധാരമായ കാര്യങ്ങൾ സംബന്ധിച്ച് പരിശോധിക്കുകയുണ്ടായോ; എങ്കിൽ എന്താണ് കണ്ടെത്തൽ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സപ്ലൈ ആഫീസുകളിലെ വിജിലൻസ് റെയ്ഡുകൾ</u>

3100 ശ്രീ. വി.എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. കെ. രാജു
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സപ്ലൈ ആഫീസുകളിൽ വിജിലൻസ് റെയ്ഡുകൾ നടത്താറുണ്ടോ; എങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര റെയ്ഡുകൾ നടത്തി; പ്രസ്തുത റെയ്ഡുകളിൽ എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ക്രമക്കേടുകൾ നടത്തിയ എത്ര ഉദ്യോഗസ്ഥൻമാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) സിവിൽ സപ്ലൈസ് വകുപ്പിൽ സ്ഥലം മാറ്റത്തിന് എന്തെങ്കിലും മാനദണ്ഡങ്ങൾ സ്വീകരിക്കാറുണ്ടോ; എങ്കിൽ മാനദണ്ഡങ്ങൾ എന്തെല്ലാം; പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

താലൂക്ക് കേന്ദ്രങ്ങളിലെ സപ്ലൈകോ ഗോഡൗണുകൾ

3101 ശ്രീ. എ. റ്റി. ജോർജ്
,, അൻവർ സാദത്ത്
,, പി. എ. മാധവൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ താലൂക്ക് കേന്ദ്രങ്ങളിൽ ഗോഡൗണുകൾ തുറക്കുന്നതിന് പദ്ധതി രൂപീകരിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനുള്ള ഭൂമി എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) സപ്ലൈകോ വഴി അവശ്യസാധനങ്ങളുടെ വിതരണം വേഗത്തിലും സുതാര്യവുമാക്കാനും പദ്ധതി എങ്ങനെ പ്രയോജനപ്പെടുത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>ആശുപത്രി പരിസരങ്ങളിൽ സപ്ലൈകോയുടെ മെഡിക്കൽ ഷോപ്പുകൾ</u>

3102 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ മെഡിക്കൽ ഷോപ്പുകളിൽ പലതും ആശുപത്രി പരിസരത്തല്ല സ്ഥിതിചെയ്യുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സപ്ലൈകോയുടെ പുതിയ മെഡിക്കൽ ഷോപ്പുകൾ ആശുപത്രി പരിസരങ്ങളിൽ തന്നെ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഇല്ലെങ്കിൽ, ഇത്തരം മെഡിക്കൽ ഷോപ്പുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

<u>അരിവില നിയന്ത്രണം</u>

3103 ശ്രീ. സണ്ണി ജോസഫ്
,, എം. എ. വാഹീദ്
,, ലൂഡി ലൂയിസ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരിവില നിയന്ത്രിക്കാൻ സപ്ലൈക്കോയുടെ നേതൃത്വത്തിൽ കൂടുതൽ അരിക്കടകൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) അരിക്കടകളിലൂടെ ഡിമാന്റ് കൂടിയ അരി ഇനങ്ങൾ നൽകുന്ന കാര്യം ആലോചിക്കുമോ;

(സി) പ്രതിമാസം നിശ്ചിത അളവിലുള്ള അരി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>സപ്ലൈകോയെ സിവിൽ സപ്ലൈസ് വകുപ്പിൽനിന്നും വേർപ്പെടുത്തൽ</u>

3104 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന സപ്ലൈകോയെ സിവിൽ സപ്ലൈസ് വകുപ്പിൽനിന്ന് വേർപെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് സർക്കാരിന്റെ പൊതുവിപണിയിലെ ഇടപെടലിനെ ബാധിക്കില്ലേ ;

(ബി) വിലക്കയറ്റം കൂടുതൽ രൂക്ഷമാക്കുന്നതിനല്ലേ ഇത് കാരണമാവുക ; വിശദാംശം നൽകുമോ ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സപ്ലൈകോയെ വേര്‍പെടുത്തല്‍</u>

3105 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും**
**ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സിവില്‍ സപ്ലൈസ് വകുപ്പില്‍നിന്നും സപ്ലൈകോ-യെ പൂര്‍ണ്ണമായും വേര്‍പ്പെടുത്തുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇക്കാര്യത്തില്‍ ഗവണ്‍മെന്റ് സെക്രട്ടറി തലത്തില്‍ ചര്‍ച്ച് നടന്നിട്ടുണ്ടോ; എങ്കില്‍ ആയതിന്റെ വിശദാംശങ്ങള്‍ നല്‍കുമോ;

(സി) സര്‍ക്കാര്‍ തലത്തിലുള്ള ഏത് നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ചര്‍ച്ച നടത്തിയതെന്ന് വിശദമാക്കുമോ;

(ഡി) ഇപ്രകാരം സപ്ലൈകോ വേര്‍പെടുത്തുന്നതുകൊണ്ട് എന്തെല്ലാം മാറ്റങ്ങള്‍ വരുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

വിലക്കയറ്റം നിയന്ത്രിക്കാൻ സ്വീകരിച്ച നടപടി

3106 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ വിലക്കയറ്റം നിയന്ത്രിയ്ക്കുന്നതിനായി ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമുഖേന സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത നടപടികളുടെ ഫലമായി വിലക്കയറ്റം ഏതെല്ലാം തരത്തിൽ നിയന്ത്രണ വിധേയമായി എന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്പോഴും അവശ്യസാധനങ്ങളുടെ വില അനിയന്ത്രിതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സർക്കാർ സംവിധാനങ്ങളൊക്കെ പരാജയപ്പെട്ടുവെന്ന് കരുതുന്നുണ്ടോ;ഇല്ലെങ്കിൽ വിശദാംശം നൽകുമോ ; പരാജയപ്പെട്ടെങ്കിൽ എന്തുകൊണ്ടാണെന്നും എന്നറിയിക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>അവശ്യ സാധനങ്ങളുടെ വിലവര്‍ദ്ധനക്കെതിരെ</u>
<u>കമ്പോളത്തിലിടപെടാന്‍ നടപടി</u>

3107 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സപ്ലൈകോയില്‍ ഇ-ടെന്‍ററിംഗ് നടപടികള്‍ തുടങ്ങിയോ ;

(ബി) നിലവില്‍ സംസ്ഥാനത്ത് അവശ്യമുള്ള സാധനങ്ങള്‍ പകുതി വാങ്ങിയാല്‍ മതിയെന്ന് പര്‍ച്ചേസ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടോ ;

(സി) അവശ്യസാധനങ്ങള്‍ക്ക് പൊതു വിപണിയില്‍ വില വര്‍ദ്ധന ഉണ്ടാകുന്നതിനാല്‍ കമ്പോളത്തിലിടപെടല്‍ ശക്തമാക്കുമോ ;

(ഡി) അതിനായി എന്ത് തുക ബഡ്ജറ്റില്‍ വകകൊള്ളിച്ചിട്ടുണ്ട് ; എന്ത് തുക ചെലവഴിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ബിഭുകുമാർ കമ്മീഷൻ റിപ്പോർട്ട്</u>

3108 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിലെ പ്രശ്നങ്ങൾ പഠിക്കുവാൻ നിയോഗിച്ച ബിഭുകുമാർ കമ്മീഷൻ റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷനും, ഡിപ്പാർട്ടുമെന്റും തമ്മിൽ ബൈഫർക്കേഷന് ഉദ്ദേശിക്കുന്നുണ്ടോ ; ഡെപ്യൂട്ടേഷൻ വ്യവസ്ഥ ഒഴിവാക്കുവാൻ നടപടി സ്വീകരിച്ച് തുടങ്ങിയോ ; ഘട്ടംഘട്ടമായി ഡെപ്യൂട്ടേഷൻ ഒഴിവാക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ;

(സി) 2013 ഏപ്രിൽവരെ സപ്ലൈകോയിൽ എത്ര ജൂനിയർ അസിസ്റ്റന്റ് തസ്തിക ഏത് അനുപാതത്തിലാണ് അനുവദിച്ചിരിക്കുന്നത് ;

(ഡി) അസിസ്റ്റന്റ് സെയിൽസ്മാൻമാരുടെ പ്രൊമോഷൻ ലിസ്റ്റ് വന്നശേഷം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എൽ.ഡി. ക്ലർക്ക്മാരെ സപ്ലൈകോയിൽ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ എത്രപേരെ നിയമിച്ചു ;

(ഇ) സപ്ലൈകോ ജീവനക്കാർക്ക്, കോൺട്രിബ്യൂട്ടറി പെൻഷൻ സമ്പ്രദായം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ ;

(എഫ്) പുതിയ ഔട്ട്ലെറ്റുകൾ അനുവദിച്ചതിന്റെ ഫലമായി ഉണ്ടായിരിക്കുന്ന ജൂനിയർ അസിസ്റ്റന്റ് വേക്കൻസികളിൽ കോടതിയിൽ കേസുകൾ നിലവിലുണ്ടോ ; പ്രസ്തുത കേസുകൾ വേഗത്തിൽ തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>പൊതുവിതരണശൃംഖല കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന് പദ്ധതി</u>

3109

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണശൃംഖല റേഷൻ കടകൾ സഹിതം കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള പദ്ധതി നിലവിൽ പരിഗണനയിലുണ്ടോ;

(ബി) ഏത് ഏജൻസി മുഖാന്തിരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ആയതിലേക്ക് എത്ര തുക ചെലവഴിയ്ക്കേണ്ടതുണ്ടെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) പൊതുവിതരണമേഖലയിലെ കമ്പ്യൂട്ടർവത്ക്കരണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് കോർപ്പറേഷന് പയർ വിതരണം ചെയ്ത സ്ഥാപനത്തിനെതിരെയുള്ള പരാതി</u>

3110 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനുവേണ്ടി സായിധ്വജാ എന്റർപ്രൈസസ് സപ്ലൈ ചെയ്തത് കരാർ പ്രകാരമുള്ള ചുവന്ന വൻപയറല്ലെന്നും, വിലകുറഞ്ഞ വെള്ളപയറായിരുന്നു എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കരാർലംഘനം നടത്തി കോർപ്പറേഷന് നഷ്ടം വരുത്തിയ സ്ഥാപനത്തിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടശേഷമുള്ള ടെൻഡറുകളിൽ ഈ കമ്പനിയെ പങ്കെടുപ്പിച്ചിട്ടുണ്ടോ ;

(സി) കമ്പനിയെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ ;

(ഡി) ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ഇരിട്ടി ആസ്ഥാനമായി പുതിയ സപ്ലൈ ഓഫീസ്</u>

3111 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തലശ്ശേരി, തളിപ്പറമ്പ് താലൂക്ക് സപ്ലൈ ഓഫീസ് വിഭജിച്ച് ഇരിട്ടി ആസ്ഥാനമായി സപ്ലൈ ഓഫീസ് തുടങ്ങുന്നതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനാവശ്യമായ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(സി) ഇരിട്ടി ആസ്ഥാനമായി പുതിയ സപ്ലൈ ഓഫീസ് ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

കോഴിക്കോട് താലൂക്കിലെ റേഷനിംഗ് ഓഫീസുകളുടെ പുന:ക്രമീകരണം

3112 ശ്രീ. എ. പ്രദീപ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് കോര്‍പ്പറേഷനിലേക്ക് കൂടുതല്‍ പ്രദേശങ്ങള്‍ കൂട്ടിച്ചേര്‍ത്തതിന്റെ വെളിച്ചത്തില്‍ കോഴിക്കോട് താലൂക്കിലെ റേഷനിങ്ങ് ഓഫീസുകളില്‍ പുന: ക്രമീകരണം നടത്തുന്നതിന് നടപടികള്‍ സ്വീകരിക്കുമോ;

(ബി) പ്രസ്തുത താലൂക്ക് പരിധിയിലെ റേഷനിങ്ങ് ഓഫീസുകളില്‍ ഓരോന്നിലും ഏതെല്ലാം നിയോജകമണ്ഡലങ്ങളാണ് ഉള്‍പ്പെടുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ഓഫീസുകളിലെ ജനത്തിരക്ക് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

നെല്ല് സംഭരണത്തിലെ പ്രതിസന്ധി

3113

ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ കർഷകരിൽ നിന്നും സ്വകാര്യ മില്ലുകൾ ഉയർന്ന വിലയ്ക്ക് നേരിട്ട് നെല്ല് സംഭരിക്കുവാൻ തുടങ്ങിയതോടെ നെല്ല് സംഭരണം പ്രതിസന്ധിയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംഭരണ വില ഉയർത്തിയില്ലെങ്കിൽ രണ്ടാംവിളയിലെ നെല്ല് സംഭരണം അവതാളത്തിലാകുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ;

(സി) ഇതുകാരണം സംഭരണത്തിന് സപ്ലൈകോയിൽ രജിസ്റ്റർ ചെയ്ത കർഷകരുടെ എണ്ണം കഴിഞ്ഞ പ്രാവശ്യത്തേക്കാൾ കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) നിലവിൽ എത്ര രൂപയ്ക്കാണ് നെൽകർഷകരിൽ നിന്നും സപ്ലൈകോ നെല്ല് സംഭരിക്കുന്നത്; ആയത് സ്വകാര്യ മില്ലുകാർ എത്ര രൂപ വരെ നൽകി നെല്ല് സംഭരിക്കുന്നു; ഇത് പൊതു മാർക്കറ്റിൽ അരിക്ക് വില വർദ്ധിക്കുവാൻ കാരണമാകുന്നില്ലേ; വിശദമാക്കുമോ;

(ഇ) നടപ്പുവർഷം നാളിതുവരെ നെൽകർഷകർക്ക് എത്ര തുകയുടെ കുടിശ്ശികയാണ് സിവിൽസപ്ലൈസ് കോർപ്പറേഷൻ കൊടുത്തുതീർക്കാനുള്ളത്; ഇതുമൂലം ആയിരക്കണക്കിന് കർഷകർ കടക്കെണിയിൽ നട്ടം തിരിയുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ; വിശദമാക്കുമോ;

(എഫ്) സിവിൽ സപ്ലൈസ് കോർപ്പറേഷനെ കൂടാതെ സഹകരണ ബാങ്കുകളെയും ഉൾപ്പെടുത്തി നെല്ല് സംഭരണം ശക്തമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ലിന്റെ വില</u>

3114 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും**
**രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷകരിൽ നിന്നും സപ്ലൈക്കോ സംഭരിക്കുന്ന നെല്ലിന്റെ താങ്ങുവില എത്രയാണ്;

(ബി) നെല്ലിന്റെ വില കർഷകർക്ക് നേരിട്ടാണോ നൽകുന്നത്;

(സി) സംഭരണവില വർദ്ധിപ്പിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ; വില വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സപ്ലൈകോ വഴിയുള്ള നെല്ല് സംഭരണം</u>

3115 ഡോ.ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന നൂറ് ശതമാനം നെല്ലും സപ്ലൈകോ വഴി സംഭരിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നുവോ;

(ബി) 2012-13 സാമ്പത്തിക വർഷത്തെ നെല്ല് ഉല്പാദനം സംബന്ധിച്ച ഔദ്യോഗിക കണക്കുകൾ വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്തെ നെല്ലുൽപാദനത്തിന്റെ എത്ര ശതമാനം നടപ്പുവർഷം സപ്ലൈകോ വഴി സംഭരിക്കുവാൻ സാധിച്ചു; വിശദമാക്കാമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

സ്വകാര്യ മില്ലുടമകൾ അമിതമായി നെല്ല്
സംഭരിക്കുന്ന നടപടി

3116 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടുത്ത വരൾച്ചയും വിളവിലുണ്ടാകുന്ന ഗണ്യമായ കുറവും മൂലം അരിവിലയിലുണ്ടാകാനിടയുള്ള വർദ്ധനവ് മുൻകൂട്ടിക്കണ്ട് സ്വകാര്യമിൽ ഉടമകൾ സംസ്ഥാനത്ത് നടത്തിക്കൊണ്ടിരിക്കുന്ന തീവ്രമായ നെല്ല് സംഭരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നടപടിമൂലം സിവിൽ സപ്ലൈസ് കോർപ്പറേഷനുവേണ്ടത്ര നെല്ല് സംഭരണം സാധ്യമാകാത്ത അവസ്ഥ സംജാതമാകുമെന്നുള്ളതിനാൽ ആയത് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) റേഷൻകടകളടക്കമുള്ള പൊതുവിതരണ സംവിധാനത്തെ ഭാവിയിൽ പ്രതികൂലമായി ബാധിക്കുവാനുള്ള സാധ്യത മുൻനിർത്തി നെല്ലുസംഭരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

വെച്ചൂർ മോഡേൺ റൈസ്മില്ലിന്റെ അരി ഉൽപാദനം

3117 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സംരംഭമായ വെച്ചൂർ മോഡേൺ റൈസ് മിൽ ഇതുവരെ എത്ര ടൺ നെല്ല് സംസ്കരിച്ച് എത്ര ടൺ അരി ഉത്പാദിപ്പിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) മോഡേൺ റൈസ് മില്ലിലേയ്ക്ക് ആവശ്യമായ നെല്ല് എവിടെ നിന്നൊക്കെ സംഭരിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(സി) മോഡേൺ റൈസ് മിൽ വഴി ഉല്പാദിപ്പിക്കുന്ന അരി എത്ര രൂപ നിരക്കിലാണ് പൊതുവിപണിയിൽ വിൽക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഏത് ഏജൻസിവഴിയാണ് മോഡേൺ റൈസ് മിൽ അരി വിൽപന നടത്തുന്നത്; സപ്ലൈകോ-ക്ക് അരിവിൽപന നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) മോഡേൺ റൈസ് മില്ലിന്റെ അരിയുല്പാദനം ലാഭകരമാണോ എന്നും ഇതുവരെ എത്ര രൂപയുടെ ലാഭം റൈസ് മിൽ നേടി എന്നും വ്യക്തമാക്കുമോ;

(എഫ്) മോഡേൺ റൈസ് മിൽ ഉല്പാദിപ്പിക്കുന്ന അരി എത്ര കിലോ വീതമുള്ള പായ്ക്കറ്റുകളിലാണ് വിൽപന നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

ഇ. പി. ഡി. എസ്. പദ്ധതി

3118 ശ്രീ. കെ. ശിവദാസൻ നായർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, അൻവർ സാദത്ത്
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ. പി. ഡി. എസ് പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ പൊതു വിതരണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദീകരിക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എന്തെല്ലാം കേന്ദ്ര സഹായമാണ് പ്രസ്തുത പദ്ധതിക്ക് ലഭിക്കുന്നത്?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

<u>റേഷൻ വിതരണത്തിലെ ക്രമക്കേട്</u>

3119 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എ.പി.എൽ.- ബി.പി.എൽ. വിഭാഗങ്ങൾക്ക് നിലവിൽ ലഭിക്കുന്ന റേഷൻ സാധനങ്ങളുടെ അളവും, വിലയും ലഭ്യമാക്കുമോ ;

(ബി) റേഷൻ കടകളിൽനിന്ന് സാധനങ്ങൾ കൃത്യമായ അളവിൽ ലഭിക്കുന്നില്ല എന്നും, നിശ്ചിത വിലയെക്കാൾ കൂടിയ വിലയിൽ വിൽക്കുന്നുവെന്നുമുള്ള പരാതി ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) സാധനങ്ങളുടെ സ്റ്റോക്കും അളവും, വിലയും കടകളിൽ പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) റേഷൻ കരിഞ്ചന്ത തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം ; കരിഞ്ചന്തയുമായി ബന്ധപ്പെട്ട് എത്ര കടകളെ സംസ്ഥാനത്ത് സസ്പെന്റ് ചെയ്തു ; സസ്പെന്റ് ചെയ്ത കടകൾ അവിടെത്തന്നെ മറ്റൊരാൾക്ക് പ്രവർത്തിപ്പിക്കുവാൻ അനുമതി നൽകുമോ ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>റേഷന്‍ കടകള്‍ വഴി പലവ്യഞ്ജനങ്ങള്‍</u>

3120 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് റേഷന്‍ കടകള്‍ വഴി പലവ്യഞ്ജനങ്ങള്‍ ലഭ്യമാക്കുന്ന കാര്യം ഗവണ്‍മെന്റിന്റെ പരിഗണനയില്‍ ഉണ്ടോ;

(ബി) എങ്കില്‍ അത് എന്നത്തേയ്ക്ക് ആരംഭിക്കാന്‍ കഴിയും എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

<u>അരിവില വർദ്ധനവ് നിയന്ത്രിക്കുന്നതിന് നടപടി</u>

3121 പ്രൊഫ: സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻകടകൾ വഴി എ.പി.എൽ., ബി.പി.എൽ. വിഭാഗക്കാർക്ക് എത്ര അളവിൽ ഭക്ഷ്യധാന്യമാണ് നിലവിൽ വിതരണം ചെയ്യുന്നത്; എന്ത് വിലയ്ക്കാണ് നൽകുന്നത്;

(ബി) മാവേലി സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്ന അരിയുടെ അളവെത്ര; നിരക്കെത്ര;

(സി) വിലവർദ്ധന നിന്ത്രിക്കുന്നതിന് കേന്ദ്രത്തിൽ നിന്നും കൂടുതൽ അരി ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ അനുവദിച്ചതെത്ര; ഇതിനകം വിതരണം ചെയ്തതെത്ര; കിലോഗ്രാമിന് എത്ര രൂപ നിരക്കിലാണ് അരി അനുവദിച്ചത്; ഇവിടെ വിറ്റഴിച്ചത് എന്ത് വിലയ്ക്കാണ്;

(ഡി) ഒരു രൂപ നിരക്കിൽ റേഷൻ കടകൾ വഴി വിതരണം ചെയ്തുവരുന്ന അരിക്ക് നടപ്പ് സാമ്പത്തിക വർഷം എന്ത് തുകയാണ് സബ്സിഡിയായി നൽകിയത്; 2011-12 ൽ സബ്സിഡിയായി നൽകിയ തുക എത്ര?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

റേഷന്‍ കടകളിലൂടെ വിതരണം ചെയ്യപ്പെടുന്ന ഭക്ഷ്യവസ്തുക്കളുടെ ക്ഷാമം

3122 ശ്രീ. കെ. എന്‍.എ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റേഷന്‍ കടകളിലൂടെ എ.പി.എല്‍, ബി.പി.എല്‍ വിഭാഗങ്ങള്‍ക്ക് ഇപ്പോള്‍ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കള്‍ ഏതെല്ലാമാണെന്നും എത്ര അളവിലാണെന്നും വ്യക്തമാക്കുമോ;

(ബി) എല്ലാ പ്രദേശങ്ങളിലും സര്‍ക്കാര്‍ നിശ്ചയിച്ചിട്ടുള്ള തോതനുസരിച്ച് എല്ലാ വസ്തുക്കളും കിട്ടുന്നില്ലെന്ന പരാതി ശ്രദ്ധയില്‍ പെട്ടിട്ടുണ്ടോ; പ്രസ്തുത പരാതി പരഹരിക്കുവാന്‍ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇത്തരം പരാതികള്‍ക്ക് അടിയന്തിരമായി പരിഹാരം കാണുന്നതിന് എന്തു പ്രാദേശിക സംവിധാനമാണ് ഏര്‍പ്പെടുത്തിയിട്ടുള്ളത്;

(ഡി) റേഷന്‍ കടകളില്‍ നിന്നും മൊത്തവ്യാപാര ഡിപ്പോകളില്‍ നിന്നും ഭക്ഷ്യവസ്തുക്കള്‍ ഭീമമമായ തോതില്‍ കരിഞ്ചന്തയിലേക്ക് കടത്തുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ആയതു പരിഹരിക്കുവാന്‍ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>അനർഹമായി കൈപ്പറ്റിയ ബി.പി.എൽ കാർഡ് തിരിച്ചേൽപ്പിക്കൽ</u>

3123 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനർഹമായി ബി.പി.എൽ കാർഡ് കൈപ്പറ്റിയവർ എത്രപേർ അത് തിരിച്ച് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) അനർഹമായി ബി.പി.എൽ കാർഡ് കൈപ്പറ്റിയ എത്ര പേർ അവ ഇനിയും തിരിച്ച് നൽകാനുണ്ടെന്ന് വിശദമാക്കുമോ;

(സി) ബി. പി.എൽ കാർഡ് കൈപ്പറ്റിയ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല, സഹകരണ മേഖല, എയ്ഡഡ് വിദ്യാലയങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരിൽ ഇനിയും എത്ര പേർ അവ തിരിച്ച് നൽകാനുണ്ടെന്ന് അറിയിക്കാമോ;

(ഡി) കാർഡുകൾ തിരിച്ച് നൽകാത്തവരുടെ പേരിൽ എന്ത് നടപടിയാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) സമ്പന്ന വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് ബി.പി.എൽ കാർഡ് നൽകിയിട്ടുണ്ടെന്നും എത്ര പേർ അവ തിരിച്ചു നൽകിയെന്നും വിശദമാക്കുമോ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

റേഷൻ സമ്പ്രദായം ആധുനികവത്ക്കരിക്കാനുള്ള പദ്ധതി

3124 ശ്രീ. ബെന്നി ബെഹനാൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഹൈബി ഈഡൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ സമ്പ്രദായം ആധുനികവത്ക്കരിക്കാനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആധുനികവത്ക്കരണത്തിലൂടെ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് റേഷൻ വിതരണ സമ്പ്രദായത്തിൽ വരുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുവാൻ കേന്ദ്രത്തിൽ നിന്നും എന്തു തുകയാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>റേഷന്‍ സാധനങ്ങളുമായി പോകുന്ന വാഹനങ്ങളെ നിരീക്ഷിക്കാന്‍ ജി.പി.എസ് സംവിധാനം</u>

3125 ശ്രീ. വര്‍ക്കല കഹാര്‍
,, ഷാഫി പറമ്പില്‍
,, എം.പി. വിന്‍സെന്റ്
,, എ.റ്റി. ജോര്‍ജ്ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റേഷന്‍ സാധനങ്ങളുമായി പോകുന്ന വാഹനങ്ങളെ നിരീക്ഷിക്കാന്‍ ജി.പി.എസ് ഏര്‍പ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) റേഷന്‍ സാധനങ്ങളുടെ കരിഞ്ചന്ത തടയുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംവിധാനത്തില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഏതെല്ലാം ഏജന്‍സികളുടെ സഹായത്തോടെയാണ് ജി.പി.എസ് സംവിധാനം നടപ്പാക്കുന്നത് ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ബയോമെട്രിക് സംവിധാനത്തിലൂടെ റേഷന്‍ വിതരണം</u>

3126 ശ്രീ. ഡൊമിനിക് പ്രസന്റേഷന്‍
,, ഐ. സി. ബാലകൃഷ്ണന്‍
,, അന്‍വര്‍ സാദത്ത്
,, വി. പി. സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ബയോമെട്രിക് സംവിധാനത്തിലൂടെ റേഷന്‍ വിതരണം നിയന്ത്രിക്കാനുള്ള പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ; വിശദമാക്കുമോ ?

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം?

(സി) പദ്ധതി നടപ്പാക്കുന്നതു വഴി നിലവിലുള്ള റേഷന്‍ വിതരണ ത്തില്‍ എന്തെല്ലാം മാറ്റങ്ങള്‍ വരും; വിശദാംശങ്ങള്‍ എന്തെല്ലാം ?

(ഡി) പ്രസ്തുത പദ്ധതി എന്ന് മുതല്‍ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) എന്തെല്ലാം കേന്ദ്ര സഹായമാണ് ഈ പദ്ധതിക്ക് ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.02.2013–ലെ മറുപടിക്ക്

<u>റേഷൻ സാധനങ്ങളുടെ ലഭ്യത മൊബൈൽ ഫോണിലൂടെ ഉറപ്പാക്കാൻ സംവിധാനം</u>

3127 ശ്രീ. പാലോട് രവി
,, വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങളുടെ ലഭ്യത ഉപഭോക്താവിന് മൊബൈൽ ഫോണിലൂടെ ഉറപ്പാക്കാൻ കഴിയുന്ന സംവിധാനം അനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) റേഷൻ സാധനങ്ങളുടെ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുവാൻ പ്രസ്തുത സംവിധാനം എത്രമാത്രം പ്രയോജനപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്;

(സി) എന്തെല്ലാം വിവരങ്ങളാണ് പ്രസ്തുത സംവിധാനംവഴി ഉപഭോക്താവിന് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) വിവരങ്ങൾ കൃത്യമായി ഉപഭോക്താവിനെ അറിയിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട് എന്നറിയിക്കുമോ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതി നിയന്ത്രണം നീക്കുന്നതുവരെ 2 ലിറ്റർ മണ്ണെണ്ണ വിതരണം ചെയ്യാൻ നടപടി</u>

3128 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ വൈദ്യുതി പ്രതിസന്ധി മൂലം വൈദ്യുതി നിയന്ത്രണമുള്ള സാഹചര്യത്തിലും റേഷൻ കടകൾ വഴി അര ലിറ്റർ മണ്ണെണ്ണ മാത്രമേ വിതരണം ചെയ്യുന്നുള്ളൂ എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിന്റെ മണ്ണെണ്ണ ക്വാട്ട വർദ്ധിപ്പിക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെടുമോ;

(സി) വൈദ്യുതി നിയന്ത്രണം നീക്കുന്നതുവരെ കാർഡൊന്നിന് 2 ലിറ്റർ എന്ന അളവിൽ മണ്ണെണ്ണ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013–ലെ മറുപടിക്ക്

<u>പുതിയ റേഷൻ കാർഡ് ലഭിക്കുവാൻ ഹാജരാക്കേണ്ട രേഖകൾ</u>

3129 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയതായി റേഷൻ കാർഡ് ലഭിക്കുവാൻ, ഏതെല്ലാം രേഖകൾ ഹാജരാക്കേണ്ടതായിട്ടുണ്ട്, വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള റേഷൻ കാർഡിൽ പുതിയതായി പേര് ചേർക്കുവാൻ ഏതെല്ലാം രേഖകൾ ഹാജരാക്കേണ്ടതുണ്ട്; വിശദമാക്കാമോ ;

(സി) പ്രസ്തുത ആവശ്യത്തിനു വേണ്ട അപേക്ഷകൾ എവിടെയാണ് ഹാജരാക്കേണ്ടത് ; വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

റേഷൻ കാർഡ് സമയബന്ധിതമായി നൽകുവാൻ നടപടി

3130 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡിനായി അപേക്ഷ സമർപ്പിക്കുന്നവർക്ക് എത്ര സമയത്തിനുള്ളിൽ കാർഡ് നൽകാനാണ് നിർദ്ദേശിച്ചിട്ടുള്ളത്;

(ബി) പാലക്കാട് ജില്ലയിലെ വിവിധ സപ്ലൈ ഓഫീസുകളിൽ എത്ര അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ എന്നേക്ക് തീർപ്പാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>എ.പി.എൽ. റേഷൻ കാർഡ് ബി.പി.എൽ. ആക്കി മാറ്റുന്നതിനുള്ള നടപടികൾ</u>

3131 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എ.പി.എൽ. റേഷൻ കാർഡ് ബി.പി.എൽ. വിഭാഗത്തിലേക്ക് മാറ്റി കിട്ടുന്നതിനായി പഞ്ചായത്തുകൾ വഴി കളക്ട്രേറ്റിൽ സമർപ്പിച്ച അപേക്ഷകളിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നടപടികൾ പ്രകാരം റേഷൻ കാർഡിൽ മാറ്റം വരുത്തുന്നതിന് വീണ്ടും പഞ്ചായത്തുകൾ മുഖേന അപേക്ഷ നൽകാൻ ഉത്തരവായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എ.പി.എൽ. വിഭാഗത്തിൽപ്പെടുന്ന റേഷൻ കാർഡുകൾ അർഹരായവർക്ക് ബി.പി.എൽ. വിഭാഗത്തിലേക്ക് മാറ്റുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണ്;

(ഡി) പ്രസ്തു നടപടികൾ പ്രകാരം മാറ്റം വരുത്തുന്നതിന് പരിഗണനയിലുള്ള അപേക്ഷകളിൽ കഴിവതും വേഗം തീർപ്പുണ്ടാക്കുമോ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

2009 ബി. പി. എൽ ലിസ്റ്റിലെ അപാകത

T3132 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജകമണ്ഡലത്തിലെ പറക്കാട് ബ്ലോക്കിലെ പള്ളിക്കൽ പഞ്ചായത്തിലുള്ള പഴകുളം പടിഞ്ഞാറേ വാർഡിൽ ഉള്ള 287 കുടുംബങ്ങളിൽ ഭൂരിപക്ഷം കുടുംബങ്ങളും 2009 -ലെ ബി. പി.എൽ സെൻസസ് ലിസ്റ്റിൽ നിന്നും കൂട്ടമായി ഒഴിവാക്കപ്പെട്ടിട്ടുള്ളത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കുടുംബങ്ങളിലെ അംഗങ്ങൾക്ക് അർഹമായ നിരവധി ആനുകൂല്യങ്ങൾ ഇക്കാരണത്താൽ വർഷങ്ങളായി നിഷേധിക്കപ്പെടുന്നത് പരിഹരിക്കുന്നതിനായി അടിയന്തിര നടപടി ഉണ്ടാകുമോ ;

(സി) പ്രസ്തുത കുടുംബങ്ങളുടെ പേരുകൾ ഏതാണ്ട് പൂർണ്ണമായി ബി. പി. എൽ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടതിന്റെ കാരണം സാങ്കേതിക പിഴവോ ജീവനക്കാരുടെ വീഴ്ചയോ എന്നതിനെ സംബന്ധിച്ച് നാളിതുവരെ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഡി) രാജ്യത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനായുള്ള പട്ടിക തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള പ്രസ്തുത വീഴ്ചയെ സംബന്ധിച്ച് അടിയന്തിര അന്വേഷണത്തിനുള്ള നടപടി ഉണ്ടാകുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

ഫാ. തേസ്സാ സ്പെഷ്യൽ സ്കൂളിലെ വിദ്യാർത്ഥികൾക്ക് ബി.പി.എൽ. റേഷൻ

3133 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ഫാ. തേസ്സാ സ്പെഷ്യൽ സ്കൂളിലെ വിദ്യാർത്ഥികൾക്ക് ബി.പി.എൽ. റേഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച നിവേദനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് വയനാട് സപ്ലൈ ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പ്രസ്തുത സ്കൂളിലെ വിദ്യാർത്ഥികൾക്ക് ബി.പി.എൽ. റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>മാവേലി സ്റ്റോറുകൾവഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാര പരിശോധന</u>

3134 ശ്രീ. കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും**
**ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാവേലി സ്റ്റോറുകൾവഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കാനുള്ള എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്;

(ബി) ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ മാവേലി സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) മാവേലി സ്റ്റോറുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

‘ഗ്രാമങ്ങൾ തോറും മാവേലി സ്റ്റോറുകൾ

3135 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമങ്ങൾ തോറും മാവേലി സ്റ്റോറുകൾ തുടങ്ങുന്ന പദ്ധതി ഏതു ഘട്ടത്തിലാണ്; പ്രസ്തുത പദ്ധതി പ്രകാരം എത്ര മാവേലി സ്റ്റോറുകൾ തുടങ്ങിയെന്നും, എത്രയെണ്ണം ഉടൻ തുടങ്ങാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) സപ്ലൈകോയിൽ തൊഴിലാളികളുടെ കുറവുള്ളതിനാലാണ് പ്രസ്തുത പദ്ധതി പ്രകാരം മാവേലി സ്റ്റോറുകൾ തുടങ്ങാൻ കഴിയാത്തതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നിലവിൽ സപ്ലൈകോയിൽ എത്ര ഒഴിവുകളുണ്ട്; പ്രസ്തുത ഒഴിവുകൾ നികത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നു വ്യക്തമാക്കുമോ;

(ഡി) നടപ്പുസാമ്പത്തികവർഷം സപ്ലൈകോ ഉദ്ദേശിച്ച വാർഷികവിറ്റുവരവ് എത്ര; അത്രയും വിറ്റുവരവ് നേടാനാകാത്തതിന്റെ കാരണമെന്തെന്നു പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) ഗ്രാമങ്ങൾ തോറും കഴിയുന്നത്ര മാവേലി സ്റ്റോറുകൾ തുറന്ന് പൊതുവിപണിയിൽ നിലവിലുള്ള വിലക്കയറ്റത്തിന് നിയന്ത്രണമേർപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>മാവേലി സ്റ്റോറുകളും റേഷൻകടകളും വഴി സബ്സിഡി നിരക്കിൽ അവശ്യ സാധനങ്ങളുടെ വിതരണം</u>

3136 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്താനത്ത് അരിക്കും, മറ്റ് ഭക്ഷ്യ വസ്തുക്കൾക്കും അതിരൂക്ഷമായ വിലക്കയറ്റം അനുഭവപ്പെടുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ;

(ബി) നിലവിൽ മാവേലിസ്റ്റോറുകൾ വഴി സബ്സിഡി നിരക്കിൽ കാര്യമായി ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മാവേലി സ്റ്റോറുകളിലൂടെയും റേഷൻ കടകളിലൂടെയും അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയും എന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>നെൻമാറ മണ്ഡലത്തിൽ പുതിയ മാവേലി സ്റ്റോറുകൾ</u>

3137 ശ്രീ.വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൻമാറ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് മാവേലി സ്റ്റോറിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത അപേക്ഷകളുടെ നിലവിലെ സ്ഥിതി എന്താണ്;

(സി) ഏതെങ്കിലും പഞ്ചായത്തിൽ മാവേലിസ്റ്റോർ ഉടൻ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ, ഏത് പഞ്ചായത്തിൽ ; എപ്പോൾ അനുവദിക്കുമെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കൊരട്ടിയിൽ പുതിയ മാവേലി സ്റ്റോറുകൾ</u>

3138 ശ്രീ. ബി.ഡി.ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊരട്ടി പഞ്ചായത്തിലെ വാലുങ്ങാമുറിയിലും, മേലൂർ പഞ്ചായത്തിലെ അടിച്ചിലിയിലും മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>പള്ളിക്കര തീരദേശ മേഖലയിൽ പുതിയ മാവേലി സ്റ്റോർ</u>

3139 ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പള്ളിക്കര പഞ്ചായത്തിലെ തീരദേശ മേഖലയിൽ മാവേലി സ്റ്റോർ അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സംരംഭം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>പാചകവാതക സിലിണ്ടറുകളുടെ വിതരണത്തിന് നിയന്ത്രണം</u>

3140 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാചകവാതക സിലിണ്ടറുകൾ വിതരണം ചെയ്യുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം നിയന്ത്രണമേർപ്പെടുത്താനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കുമോ;

(സി) ജനജീവിതം കൂടുതൽ ദുസ്സഹമാക്കുന്ന പ്രസ്തുത നടപടി പിൻവലിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ഗാർഹിക ഗ്യാസ് പുതിയ കണക്ഷനുള്ള അപേക്ഷ</u>

3141

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സർക്കാർ നിയന്ത്രണത്തിലുള്ള പാചകവാതക ഏജൻസികൾ പുതിയ ഗാർഹിക കണക്ഷനുകൾക്കുള്ള അപേക്ഷ സ്വീകരിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പുന:സ്ഥാപിക്കുവാൻ നിർദ്ദേശം നൽകാമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>അനാഥാലയങ്ങൾക്ക് സബ്സിഡി നിരക്കിൽ ഗ്യാസ് സിലിണ്ടർ</u>

3142 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് സബ്സിഡി നിരക്കിൽ ഗ്യാസ് സിലിണ്ടർ നൽകുന്നതിന് ഉണ്ടായിരിക്കുന്ന തടസ്സങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ അറുനൂറ്റിമംഗലം സ്നേഹസദൻ ഓർഫനേജിന് ഗ്യാസ് സിലിണ്ടർ സബ്സിഡി നിരക്കിൽ നൽകുന്നുണ്ടോ; സബ്സിഡി നൽകുന്നതിന് സർക്കാർ എന്തെങ്കിലും വ്യവസ്ഥ നിശ്ചയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

കൊട്ടാരക്കരയിലെ എൽ.പി.ജി. വിതരണം ഏജൻസികൾ

3143 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിൽ എൽ.പി.ജി. വിതരണത്തിന് എത്ര സർക്കാരംഗീകൃത ഏജൻസികൾ നിലവിലുണ്ട്;

(ബി) പ്രസ്തുത ഏജൻസികളിലൂടെ എത്ര ഗുണഭോക്താക്കൾക്ക് എൽ.പി.ജി. വിതരണം ചെയ്യുന്നുണ്ട്;

(സി) കൊട്ടാരക്കരയിൽ പുതിയ എൽ.പി.ജി. വിതരണ ഏജൻസി ആരംഭിക്കുന്നതിന് അപേക്ഷകൾ നിലവിലുണ്ടോയെന്നും, ആയതിന്മേൽ തീരുമാനമായിട്ടുണ്ടോയെന്നുമുള്ള വിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കേരളത്തിന്റെ മണ്ണെണ്ണ വിഹിതത്തിലുള്ള കുറവ്</u>

3144 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന മണ്ണെണ്ണ വിഹിതത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കേരളത്തിന് ലഭിച്ചുകൊണ്ടിരുന്ന മണ്ണെണ്ണ വിഹിതം വെട്ടികുറയ്ക്കാനുണ്ടായ സാഹചര്യം എന്തെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>മണ്ണെണ്ണയുടെ വിലവര്‍ദ്ധന</u>

3145 ശ്രീ. പി.കെ. ഗുരുദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം റേഷന്‍ മണ്ണെണ്ണയുടെ വില എത്ര പ്രാവശ്യം വര്‍ദ്ധിപ്പിച്ചു എന്നറിയിക്കാമോ; ആകെ എത്ര തുക വര്‍ദ്ധിപ്പിച്ചു;

(ബി) അവസാനമായി വര്‍ദ്ധിപ്പിച്ചത് എന്നായിരുന്നു; എത്ര തുകയാണ് വര്‍ദ്ധിപ്പിച്ചത്;

(സി) സംസ്ഥാനത്ത് കര്‍ഷകര്‍ക്ക് മണ്ണെണ്ണ പെര്‍മിറ്റ് നിലവിലുണ്ടോ; എത്ര അളവ് മണ്ണെണ്ണയാണ് നല്‍കുന്നത്;

(ഡി) റേഷന്‍ കാര്‍ഡുള്ള മറ്റ് വിഭാഗക്കാര്‍ക്ക് നിലവില്‍ എത്ര മണ്ണെണ്ണയാണ് മാസം തോറും നല്‍കുന്നത്

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സബ്സിഡി നിര്‍ത്തലാക്കിയ നടപടി</u>

3146 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്ര സര്‍ക്കാരിന്റെ സാമ്പത്തിക പരിഷ്കാരങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് വിവിധ സബ്സിഡികള്‍ നിര്‍ത്തലാക്കുവാന്‍ ആലോചിക്കുന്നുണ്ടോ;

(ബി) നിലവില്‍ നല്‍കിവരുന്ന സബ്സിഡികള്‍ നിയന്ത്രിക്കുവാനോ, നിര്‍ത്തലാക്കുവാനോ, തീരുമാനിക്കുവാനുണ്ടായ സാഹചര്യങ്ങള്‍ വിശദമാക്കാമോ;

(സി) സബ്സിഡികള്‍ നിയന്ത്രിച്ചുകൊണ്ട് സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കുന്ന ബദല്‍ സംവിധാനങ്ങള്‍ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>വെളിച്ചെണ്ണയ്ക്ക് സബ്സിഡി</u>

T3147

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാമോയിലിന് നൽകുന്നതുപോലെ വെളിച്ചെണ്ണയ്ക്കും സബ്സിഡി നൽകി സപ്ലൈകോ, ത്രിവേണി, മാവേലി സ്റ്റോറുകൾ എന്നിവ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(ബി) നാളികേരത്തെയും എണ്ണക്കുരുക്കളുടെ പട്ടികയിൽ ഉൾപ്പെടുത്തുവാൻ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

ബാങ്ക് അക്കൗണ്ട് വഴി റേഷൻ സബ്സിഡി ആനുകൂല്യങ്ങൾ

3148 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എ.പി.എൽ., ബി.പി.എൽ. റേഷൻ കാർഡുടമകൾക്ക് സബ്സിഡി ആനുകൂല്യം ലഭിക്കുവാൻ ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സബ്സിഡി ആനുകൂല്യം ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നതിന് നടപ്പാക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് കമ്മീഷണറുടെ സ്ഥാനമാറ്റം</u>

3149 ശ്രീ. എസ്. ശർമ്മ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. സാജു പോൾ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കമ്മീഷണറെ തൽസ്ഥാനത്തുനിന്ന് അടുത്തയിടെ മാറ്റുകയുണ്ടായോ ;

(ബി) പെട്ടെന്ന് സ്ഥാനമാറ്റം കൊടുക്കാൻ കാരണമെന്താണ് ; അദ്ദേഹത്തിനു പുതുതായി എന്തു ചുമതലയാണ് നൽകിയിട്ടുള്ളത് ;

(സി) വകുപ്പിൽ നടക്കുന്ന വിജിലൻസ് അന്വേഷണവുമായി ബന്ധപ്പെട്ടായിരുന്നോ പ്രസ്തുത സ്ഥാനചലനം ;

(ഡി) അദ്ദേഹത്തിന്റെ സേവനം സംസ്ഥാനത്ത് ഏത് വകുപ്പിനാണ് വിട്ടുകൊടുത്തിട്ടുള്ളത്; വിലക്കയറ്റവും മറ്റും മൂലം ഏറെ സങ്കീർണ്ണമായ ഒരു സാഹചര്യത്തിൽ സിവിൽ സപ്ലൈസിന്റെ തലപ്പത്ത് ആരെയാണ് നിയമിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സിവില്‍ സപ്ലൈസ് കോര്‍പ്പറേഷനില്‍ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കാന്‍ നടപടി</u>

3150 ശ്രീ. ബി.ഡി.ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സിവില്‍ സപ്ലൈസ് കോര്‍പ്പറേഷനില്‍ ഷോപ്പ് മാനേജര്‍മാര്‍ മുതല്‍ എം.ഡി വരെയുള്ളവര്‍ക്ക് ഒന്നിലേറെ അധിക ചുമതലകള്‍ നല്‍കിയിരിക്കുന്നത് ഒഴിവാക്കി സ്വതന്ത്ര ചുമതല നല്‍കാന്‍ നടപടി സ്വീകരിക്കുമോ;

(ബി) സിവില്‍ സപ്ലൈസ് കോര്‍പ്പറേഷനില്‍ ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>മാനദണ്ഡങ്ങൾ ലംഘിച്ച് താലൂക്ക് സപ്ലൈ ആഫീസർമാരെ സ്ഥലം മാറ്റുന്ന നടപടി</u>

3151 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിൽ താലൂക്ക് സപ്ലൈ ഓഫീസർമാരുടെ നിയമനത്തിനും, സ്ഥലം മാറ്റത്തിനും എന്തെങ്കിലും മാനദണ്ഡങ്ങൾ സ്വീകരിക്കുന്നുണ്ടോ ; എങ്കിൽ ആയത് സർക്കാർ ജീവനക്കാരുടെ സ്ഥലമാറ്റ മാനദണ്ഡമനുസരിച്ചാണോയെന്ന് വ്യക്തമാക്കുമോ ;

(ബി) പുതുതായി ഉദ്യോഗക്കയറ്റം ലഭിക്കുന്നവരുടെ നിയമനം, നിലവിലുള്ള ഉദ്യോഗസ്ഥന്മാരുടെ സ്ഥലം മാറ്റത്തിനുള്ള അപേക്ഷ പരിഗണിച്ചശേഷം ആയിരിക്കണമെന്നുള്ള നിബന്ധന പാലിക്കാതെ എത്ര താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഇവരുടെ പേര് വിവൂരം അറിയിക്കുമോ ;

(സി) പ്രസ്തുത മാനദണ്ഡം ലംഘിച്ച് സ്ഥലം മാറ്റുവാനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ; ഇതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) സ്ഥലം മാറ്റങ്ങൾക്ക് ലഭിക്കുന്ന അപേക്ഷകൾ രജിസ്റ്റർ ചെയ്യാറുണ്ടോ ; ഇതുമായി ബന്ധപ്പെട്ട റെക്കാർഡുകൾ സിവിൽ സപ്ലൈസ് ഡയറക്ടറേറ്റിൽ ലഭ്യമാണോ ; വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സപ്ലൈകോ നിയന്ത്രണത്തിലുള്ള ന്യായവില ഹോട്ടലുകൾ</u>

3152 ശ്രീ. എ.പ്രദീപ്കുമാർ
ശ്രീമതി പി.അയിഷാ പോറ്റി
ശ്രീ. കെ.രാധാകൃഷ്ണൻ
,, എസ്.രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷണ പദാർത്ഥങ്ങളുടെ വില ക്രമാതീതമായി വർദ്ധിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ബി) ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ അളവും വിലയും നിജപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് നിലവിൽ സപ്ലൈകോ നിയന്ത്രണത്തിലുള്ള എത്ര ന്യായവില ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്; ഇതിന് സപ്ലൈകോ എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത്; മറ്റ് ഹോട്ടലുകളും മാവേലി ഹോട്ടലുകളും തമ്മിൽ വിലയിലുള്ള അന്തരം എത്ര ശതമാനമാണ്; കൂടുതൽ മാവേലി ഹോട്ടലുകൾ ആരംഭിച്ച് കുറഞ്ഞ വിലയ്ക്ക് ആഹാരം നൽകുന്നതിന് തയ്യാറാകുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ന്യായവില ഹോട്ടലുകൾ തുടങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര ഹോട്ടലുകൾ എവിടെയെല്ലാമാണ് തുടങ്ങിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഇ) ദിനംപ്രതി സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷണത്തിനായി എത്തുന്ന പതിനായിരക്കണക്കിന് ആളുകളെ ഹോട്ടലുടമകളുടെ ചൂഷണത്തിൽ നിന്നും വിമുക്തരാക്കാൻ കർശന നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ;

(എഫ്) ഇതിനാവശ്യമായ നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ഹോട്ടലുകൾക്ക് ഗ്രേഡിംഗ് സംവിധാനം</u>

3153 ശ്രീ. ലൂഡി ലൂയിസ്
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിറ്റുവരവ് അടിസ്ഥാനത്തിൽ ഹോട്ടലുകൾക്ക് ഗ്രേഡിംഗ് സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദീകരിക്കാമോ;

(സി) ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കുന്നത് കേന്ദ്രീകൃതമാക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഇതിനായി നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങളെന്തെല്ലാം?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ചിട്ടി കമ്പനികളുടെ സുരക്ഷയ്ക്കുള്ള പദ്ധതികള്‍</u>

3154 ശ്രീ. ഹൈബി ഈഡന്‍
,, എം.എ. വാഹീദ്
,, ലൂഡി ലൂയിസ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പുതിയ കേന്ദ്ര ചിട്ടി നിയമം മൂലം വിപണിയില്‍ നിന്നും വിട്ടുനില്‍ക്കുന്ന സംസ്ഥാനത്തെ ചിട്ടി കമ്പനികളുടെ സുരക്ഷയ്ക്ക് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ചിട്ടി കമ്പനികളുടെ എണ്ണത്തില്‍ ഇടിവു വന്നത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് തയ്യാറാകുമോ; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) പുതിയ ചിട്ടികള്‍ രജിസ്റ്റര്‍ ചെയ്യാത്തതുമൂലവും ആരംഭിക്കാത്തതുമൂലവും രജിസ്ട്രേഷന്‍ ഫീസിനത്തില്‍ സര്‍ക്കാരിനുണ്ടായ നഷ്ടത്തിന്റെ കണക്കെടുപ്പ് നടത്തുന്ന കാര്യം ആലോചിക്കുമോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

കേന്ദ്ര ചിട്ടി നിയമം

3155 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ കേന്ദ്ര ചിട്ടി നിയമം സംസ്ഥാനത്തെ ചിട്ടികമ്പനികളെ ഏത് തരത്തിൽ ബാധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ചിട്ടികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ; ഇതുമൂലം എത്ര നഷ്ടം ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സാഹചര്യങ്ങൾ പഠിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ചിട്ടി ഇൻസ്പെക്ടർമാരെ നിയമിക്കാൻ നടപടി</u>

3156 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1985-ലെ കേന്ദ്രചിട്ടിനിയമം സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നതോടെ രജിസ്ട്രേഷൻ വകുപ്പിലെ അധിക ജോലി ഭാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിയമമനുസരിച്ച് പുതുതായി ആരംഭിക്കുന്ന ചിട്ടികളെ സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് സമർപ്പിക്കേണ്ടുന്ന ചിട്ടി ഇൻസ്പെക്ടർ തസ്തികകൾ പല ജില്ലയിലും നിലവിൽ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചിട്ടി ഇൻസ്പെക്ടർ തസ്തികയില്ലാത്ത ജില്ലകളിൽ അത് അനുവദിക്കാൻ എന്തുനടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 15.02.2013–ലെ മറുപടിക്ക്

<u>കൊട്ടാരക്കര അഡീഷണൽ സബ് രജിസ്ട്രാർ ആഫീസ്</u>
<u>കെട്ടിടം</u>

3157 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ**
**സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര അഡീഷണൽ സബ് രജിസ്ട്രാർ ആഫീസ് കെട്ടിടം തീപിടിച്ച് നശിച്ചത് എന്നാണ്;

(ബി) പ്രസ്തുത കെട്ടിടം പുനർനിർമ്മിക്കുന്നതിനായി രജിസ്ട്രേഷൻ വകുപ്പ് നൽകിയ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പ് എത്ര തവണ രജിസ്ട്രേഷൻ അതോറിറ്റികൾക്ക് പ്ലാൻ സമർപ്പിച്ചിട്ടുണ്ട്;

(സി) പ്രസ്തുത പ്ലാൻ രജിസ്ട്രേഷൻ അധികാരികൾ നാളിതുവരെ അംഗീകരിച്ചു നൽകാത്തതിനാൽ ആയതിന്റെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച പ്ലാൻ അംഗീകരിക്കുന്നതിനും നിർമ്മാണത്തിനാവശ്യമായ പണം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>മലയോര വില്ലേജുകളെ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ പുതിയ സബ് രജിസ്ട്രാർ ഓഫീസ്</u>

3158 ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബന്തടുക്ക, കരിവേടകം, കുറ്റിക്കോൽ, ബോഡകം, കൊളത്തൂർ, മുന്നാട് വില്ലേജുകളെ ഉൾപ്പെടുത്തി ഒരു സബ് രജിസ്ട്രാർ ഓഫീസ് അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ?